**ഒൻപതാം ശമ്പളക്കമ്മീഷനിലെ അപാകതകൾ**

**136 (6587)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 9-ാം ശമ്പളപരിഷ്കരണത്തിലെ എത്ര അനോമലികളാണ് പരിഹരിച്ചു നൽകിയതെന്ന് അറിയിക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒൻപതാം ശമ്പള പരിഷ്കരണത്തിലെ അനോമലികൾ പരിഹരിച്ചുകൊണ്ട് നാളിതുവരെ 194 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**പത്താം ശമ്പളക്കമ്മീഷൻ**

**137 (T6588)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ശമ്പളക്കമ്മീഷൻ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) കമ്മീഷൻ പരിഗണിക്കേണ്ട ടേംസ് ഓഫ് റഫറൻസ് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തിട്ടുള്ളതാണോ ; അല്ലെങ്കിൽ അതിന് തയ്യാറാകുമോ ;

(സി) നിർദ്ദേശിക്കപ്പെട്ട കമ്മീഷനെക്കുറിച്ച് ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആശങ്കകൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) കമ്മീഷന്റെ കാലാവധി നീട്ടിക്കൊടുക്കേണ്ടി വന്ന സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പത്താം ശമ്പളക്കമ്മീഷൻ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ടേംസ് ഓഫ് റഫറൻസിനെ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകൾ യാതൊരുവിധ ആക്ഷേപവും ഉന്നയിക്കാത്ത സാഹചര്യത്തിൽ ചർച്ച ചെയ്തിട്ടില്ല.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) കമ്മീഷന്റെ ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിക്കാത്തതിനാൽ, 4-12-2014 വരെ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly